പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 571 29.05.2019 ലെ മറുപടിക്ക്

## കയർ ഭൂവസ്ത്രപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ ഭൂവസ്ത്രപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | എ) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനസംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ഭൂവസ്ത്രത്തിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ചപ്പാടാണുള്ളത്.<br>അന്താരാഷ്ട്ര കയർ മേള "കയർ കേരള 2017"-ൽ വച്ച് എം.ജി.എൻ.ആർ. ഇ.ജി.എസ് പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണം, കാർഷിക, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ പ്രവർത്തികളിൽ, കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് ആയത് ലഭ്യമാക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു. മാർച്ച് 2019 വരെ 5608011 സ്ക്വ.മീ കയർ ഭൂവസ്ത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നിവ വഴി വിതരണം ചെയ്യുകയും, വിരിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി മേഖലയിലും, ഉല്പന്ന മേഖലയിലും ഉള്ള തൊഴിലാളികൾക്ക് പുതുതായി തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും കയർ ഭൂവസ്ത്ര |

| | |
|---|---|
| | പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. |
| ബി) കുളങ്ങളുടെയും തോടുകളുടെയും നീർച്ചാലുകളുടെയും സംരക്ഷണത്തിന് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ? | ബി) സംസ്ഥാനത്തെ കുളങ്ങളും, തോടുകളും അടക്കമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് വഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാകുകയും അതു മൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ടി നിർമ്മാണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന്റെ മെച്ചങ്ങൾ പലതാണ്. കയർ ഭൂവസ്ത്രം നെയ്തെടുക്കുന്നതായതുകൊണ്ട് ഊടും പാവും ഉണ്ട്. ചരിവിൽ നീളത്തിന്റെ ദിശയിൽ ഇതു വിരിച്ചാൽ കയർ ഭൂവസ്ത്രം ജലത്തെ ശേഖരിച്ച് സ്വന്തം പ്രതലത്തിലൂടെ വലിച്ചുകൊണ്ടുപോയി പുറത്തേക്ക് ഒഴുക്കിവിടും. ഇങ്ങനെ വെള്ളം വേഗത്തിൽ വാർന്നുപോകാൻ സഹായിക്കുന്നു. അതേസമയം കയർ ഭൂവസ്ത്രം അരിപ്പയായി പ്രവർത്തിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ചണം പോലുള്ള നാരുകളുമായി താരതമ്യം ചെയ്യുമ്പോൾ കയർ ജീർണിക്കുന്നതിന് സമയമെടുക്കും. ഇക്കാലയളവിനുള്ളിൽ മണ്ണിനെ സംരക്ഷിക്കുന്ന പുല്ലും ചെടികളും വേരുപടലങ്ങളും വളർന്ന് പ്രകൃതിജന്യമായ കവചം മണ്ണിനൊരുക്കി യിരിക്കും. കയർ ഭൂവസ്ത്രം ജീർണ്ണിച്ച് പ്രകൃതിക്ക് ദോഷമുണ്ടാക്കാതെ മണ്ണിൽ ചേരുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ